# ക്യാൻസറുമായി മല്ലടിക്കുന്ന മഹാബലിയോടൊപ്പം ഏതാനും നിമിഷങ്ങൾ

തോമസ് കൂവള്ളൂർ

ന്യൂയോർക്ക്,

2006 മുതൽ ഒരു പതിറ്റാണ്ടുകാലം ന്യൂയോർക്ക്, ന്യൂജേഴ്സി എന്നീ സ്റ്റേറ്റുകളിൽ കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്ന നിരവധി മലയാളി സംഘടനകൾക്കു വേണ്ടി ഓണാഘോഷ ത്തോടനുബന്ധിച്ച് മഹാബലിയായി വേഷമിട്ടിരുന്ന ജോയി പുളിയനാലിനെ വായനക്കാരിൽ ചില രെങ്കിലും ഓർക്കുന്നുണ്ടെന്നു കരുതുന്നു. ഇന്ത്യൻ അമേരിക്കൻ മലയാളി കമ്യൂണിറ്റി ഓഫ് യോങ്കേഴ്സ്, ഇന്ത്യാ കാത്തലിക് അസ്സോസിയേഷൻ ഓഫ് അമേരിക്ക, കേരള സമാജം ഓഫ് ന്യൂജേഴ്സി, വെസ്റ്റ് ചെസ്റ്റർ മലയാളി അസ്സോസിയേഷൻ, യോങ്കേഴ്സ് മലയാളി അസ്സോസിയേ ഷൻ, ബ്രോങ്ക്സ് സീറോ മലബാർ കാത്തലിക് ചർച്ച് എന്നിവയുമായി ബന്ധപ്പെട്ടു പ്രവർച്ചി രുന്ന ആളാണ് ജോയിച്ചേട്ടൻ. അറിയപ്പെടുന്നവരുടെ ഇടയിൽ അദ്ദേഹം മഹാബലി എന്ന അപര നാമത്തിലാണ് അറിയപ്പെട്ടിരുന്നത്.

മഹാബലിയായി വേഷമിട്ടിരുന്നപ്പോൾ അദ്ദേഹത്തെ ഒരിക്കൽ കണ്ടിട്ടുള്ളവർ സാധാരണ മറക്കാറില്ല. അദ്ദേഹത്തിന്റെ കുടവയറും, കൊമ്പൻ മീശയുമെല്ലാം കണ്ടാൽ ആദ്യമായി അദ്ദേ ഹത്തെ കാണുന്നവർ ശരിക്കും ആൾ മഹാബലിയുടെ അവതാരം തന്നെ എന്നു തോന്നുമായിരുന്നു. വയറ് കൂടുതലുണ്ടായിരുന്നതിനാൽ അദ്ദേഹത്തിനുപറ്റിയ മഹാബലിയുടെ വേഷവിധാനങ്ങൾ കേരളത്തിൽ നിന്നും പ്രത്യേകം ഓർഡർ കൊടുത്ത് അദ്ദേഹം തന്നെ തൈയ്പ്പിച്ചു കൊണ്ടുവന്ന വയാണ്. അതുപോലെ തന്നെ ഓലക്കുടയും. ഒരു സാധാരണക്കാരൻ ആയിരുന്നിട്ടുകൂടി സമൂഹ ത്തിനുവേണ്ടി സ്വന്തം കൈയ്യിൽ നിന്നും പണം മുടക്കി വാങ്ങിച്ചുകൊണ്ടു വന്നതാണെന്നുള്ള സത്യം ഈ ലേഖകന് നന്നായി അറിവുള്ളവയാണ്. അദ്ദേഹം മഹാബലിയായി വേഷമിട്ടു കഴിയു മ്പോൾ കൊച്ചുകുട്ടികളും മുതിർന്നവർ പോലും അദ്ദേഹത്തിനോടൊപ്പം നിന്ന് ഫോട്ടോ എടു ക്കാൻ താല്പര്യം കാട്ടിയിരുന്നു.

വാസ്തവത്തിൽ കൊച്ചുകുട്ടികളുമായി തമാശകൾ പറയാൻ അദ്ദേഹത്തിന് നല്ല ചാതുര്യം ഉണ്ടായിരുന്നു. ഈ ലേഖകനോടൊപ്പം നിരവധി പ്രസ്ഥാനങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തെപ്പോലെ ആത്മാർത്ഥതയുള്ളവരെ നമ്മുടെ ജീവിതത്തിൽ കണ്ടുമുട്ടുക വളരെ വിഷ മമാണ്.

അക്കാരണത്താൽത്തന്നെയാണ് ഇത്തരത്തിൽ ഒരു വാർത്ത എഴുതാൻ ഞാൻ നിർബന്ധ തിനായിത്തീർന്നത്.

അദ്ദേഹത്തെപ്പോലെതന്നെ അദ്ദേഹത്തിന്റെ ഭാര്യ മോളിയും ഒരു സാധാരണക്കാരിയായി രുന്നു. എങ്കിലും ജോയിച്ചേട്ടൻ എവിടെയെല്ലാം പോകാറുണ്ടോ അവിടെയെല്ലാം പോകാറുണ്ടാ യിരുന്നു.

ഇപ്പോൾ കാലിഫോർണിയയിലെ ജയിലിൽ കഴിയുന്ന ഫാഷൻ ഡിസൈനർ ആനന്ദ് ജോൺ ന്യൂയോർക്കിലെ റൈക്കേഴ്സ് ഐലന്റിൽ ഭീകരന്മാരോടൊപ്പം ജയിലിൽ കിടന്നിരുന്ന അവസര

ത്തിൽ എന്നോടൊപ്പം അദ്ദേഹത്തെ കാണാൻ വരാൻ തയ്യാറാണോ എന്നു ചോദിച്ചപ്പോൾ ധൈര്യ സമേതം അദ്ദേഹം വരാമെന്നു സമ്മതിച്ച് എന്നോടൊപ്പം വന്നകാര്യം ഇപ്പോൾ ഞാൻ സ്മരിക്കുന്നു. 2010 മുതൽ 2013 വരെ റൈക്കേഴ്സ് ഐലന്റിലും മൻഹാട്ടിനിലെ ജയിലുമായി കഴിഞ്ഞുകൂടിയിരുന്ന ആനന്ദ് ജോണിനെ കാണാൻ എന്നോടൊപ്പം നിരവധി പേർ വന്നിട്ടുണ്ട് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ ആനന്ദ് ജോൺ റൈക്കേഴ്സ് ഐലന്റിലെ ജയിലിൽ കിടന്നിരുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ പേരു കേൾക്കുമ്പോൾ പല മലയാളികൾക്കും പുച്ഛമായിരുന്നു. റൈക്കേഴ്സ് ഐലന്റിൽ നിന്നും ആനന്ദ് ജോൺ വെളിച്ചം കാണുകയില്ല എന്ന് മലയാളികൾ കൊട്ടിഘോഷിച്ചിരുന്ന ആ കാലത്ത് എന്നോടൊപ്പം ഭീകരന്മാരെ പാർപ്പിച്ചിരുന്ന ആ ജയിലിൽ വന്നിട്ടുള്ള ചുരുക്കം ചില മലയാളികളിലൊരാളാണ് ജോയി പുളിയനാൽ. റൈക്കേഴ്സ് ഐലന്റിലെ ജയിൽ സന്ദർശിച്ചിട്ടുള്ളവർക്കറിയാം എത്രമാത്രം കഷ്ടതകൾ സഹിച്ചശേഷമാണ് ജയിൽപുള്ളികളെ സന്ദർശിക്കാൻ സാധിക്കുക എന്നുള്ളത്. വാസ്തവത്തിൽ ജയിൽപുള്ളികളെ സന്ദർശിക്കുന്നവർ സ്വർഗ്ഗരാജ്യത്തിന് അവകാശികളാണ് എന്ന് യേശുക്രിസ്തു പറഞ്ഞിരിക്കുന്നത് സത്യം തന്നെയാണെന്ന് ഇപ്പോൾ ഓർത്തു പോകുന്നു. അക്കാരണത്താൽത്തന്നെ ജോയിച്ചേട്ടനും സ്വർഗ്ഗരാജ്യത്തിന് അവകാശിയാണെന്ന് നിസ്സംശയം പറയാൻ കഴിയും.

ആനന്ദ് ജോണിനെ കോടതിയിൽ ഹാജരാക്കിയിരുന്നപ്പോൾ എന്നോടൊപ്പം വരാറുണ്ടായിരുന്ന അപൂർവ്വം ചില വ്യക്തികളാണ് ജോയിച്ചേട്ടനും ഭാര്യ മോളിയും. എത്ര ദിവസങ്ങൾ എത്രമാത്രം കഷ്ടതകൾ സഹിച്ചാണ് അവർ എന്നോടൊപ്പം കോടതിയിൽ വന്നിരുന്നതെന്നും ഞാനിപ്പോൾ ഓർക്കുന്നു. വാസ്തവത്തിൽ സാധാരണക്കാർക്കു മാത്രമേ അത്തരത്തിലുള്ള കഷ്ടപ്പാടുകൾ സഹിച്ച് കോടതിയിലും, ജയിലിലുമെല്ലാം പോകാനുള്ള സഹിഷ്ണുതയുള്ളു എന്ന കാര്യത്തിൽ സംശയമില്ല.

ആനന്ദ് ജോണിന്റെ ന്യൂയോർക്കിലെ കേസ് തീർന്നപ്പോഴാണ് ഹഡ്സൺ റിവറിൽ ബോട്ട് ആക്സിഡന്റിൽപ്പെട്ട മലയാളി യുവാവിന്റെ പ്രശ്നം പൊന്തി വന്നത്. തുടക്കത്തിൽ ആ മലയാളി യുവാവിനെ രക്ഷിക്കാൻ ആരും മുമ്പോട്ടു വരാതിരുന്ന അവസരത്തിൽ എന്നോടൊപ്പം പല തവണ റോക്ലാന്റിൽ പോകാൻ സന്നദ്ധത കാണിച്ച ജോയിച്ചേട്ടൻ സാധാരണക്കാരനെങ്കിലും വലിയൊരു മനുഷ്യൻ തന്നെ ആയിരുന്നു എന്നു നിസ്സംശയം പറയാം.

അങ്ങിനെ ഇരുന്നപ്പോഴാണ് ശ്രീരാജ് ചന്ദ്രൻ എന്ന ചെറുപ്പക്കാരനെ ഒരു സ്പാനിഷ്കാരൻ കാറിടിച്ചുകൊലപ്പെടുത്തിയതും ആ ചെറുപ്പക്കാരന്റെ അമ്മയ്ക്കു നീതി ലഭിക്കുന്നതിനു വേണ്ടി ഈ ലേഖകനോടൊപ്പം ശ്രീരാജ് ചന്ദ്രന്റെ ചിത്രമുള്ള ടീഷർട്ടുമണിഞ്ഞ് വെസ്റ്റ് ചെസ്റ്റർ കൗണ്ടി കോർട്ടിൽ ധൈര്യസമേതം പോകാൻ ധൈര്യം കാണിച്ച വ്യക്തിയാണ് ജോയിച്ചേട്ടൻ. ടീഷർട്ടും ധരിച്ച് ചെന്നാൽ കോടതിയിൽ കയറ്റുകയില്ലെന്ന് പല മലയാളി വക്കീലന്മാർ വരെ ഉപദേശം നൽകിയ കാര്യം ഞാനിവിടെ ഓർത്തുപോകുന്നു. പക്ഷേ ആരും തടഞ്ഞതുമില്ല. അമേരിക്കൻ ടി. വി. ചാനൽ വരെ അന്ന് ടീഷർട്ടും ധരിച്ചു ചെന്നവരെ ഇന്റർവ്യൂ ചെയ്യുകയുണ്ടായി. ഒരൊറ്റ മലയാളം ചാനലുകാരും അതുപോലുള്ള വാർത്തകൾ ഇടാൻ മുമ്പോട്ടു വന്നതുമില്ല.

ഏറ്റവും ഒടുവിൽ ന്യൂജേഴ്സിയിൽ ചാറ്റിങ്ങിലൂടെ ജയിലിലായ ചെറുപ്പക്കാരനെ വിമുക്തമാക്കാൻ, ആ ചെറുപ്പക്കാരനു വേണ്ടി കോടതിയിൽ ഹാജരാകാൻ ജോയിച്ചേട്ടനും മോളിയും

നിരവധി തവണ, കഷ്ടതകൾ സഹിച്ച് എന്നോടൊപ്പം വന്നിട്ടുണ്ട് എന്നുള്ള സത്യം ഞാൻ തുറന്നുപറഞ്ഞില്ലെങ്കിൽ അത് ദൈവനീതിക്കു ചേർന്നല്ല എന്നു ഞാൻ കരുതുന്നു.

നാട്ടിൽ നിന്നും വർഷങ്ങൾ മുമ്പ് വന്ന അദ്ദേഹം അധികം വിദ്യാഭ്യാസമില്ലാത്ത ഒരു സാധാരണക്കാരൻ ആയിരുന്നു. അക്കാരണത്താൽത്തന്നെ കുറഞ്ഞ ശമ്പളത്തിൽ ഒരു കമ്പിനിയിൽ മെഷീൻ ഓപ്പറേറ്റർ ആയി കയറിപ്പറ്റി. തന്റെ തുച്ഛമായ വരുമാനം കൊണ്ട് കുടുംബം സംരക്ഷിച്ചു വന്നിരുന്നു. ഇതിനിടെ അദ്ദേഹത്തിന്റെ കമ്പിനിയിൽ ലേ ഓഫ് ഉണ്ടായി ജോലിയും നഷ്ടപ്പെട്ടു. ആ സമയത്താണ് അദ്ദേഹത്തിന് ക്യാൻസർ ഉണ്ടെന്ന് കണ്ടുപിടിക്കുന്നത്.

2 വർഷം മുൻപായിരുന്നു ക്യാൻസർ രോഗം കണ്ടുപിടിച്ചത്. അതിന് കീമോതെറാപ്പിയും നൽകിയിരുന്നു. ഒരുമാസം മുൻപ് വീണ്ടും ഒരു സർജറി കൂടി നടത്തേണ്ടതായി വന്നു. രണ്ട് ആഴ്ചയോളം ഹോസ്പിറ്റലിൽ കിടന്നശേഷം ഇപ്പോൾ അദ്ദേഹത്തെ യോങ്കേഴ്സിലുള്ള സാൻ സൂസിറീഹാബ് സെന്ററിലേക്ക് മാറ്റിയിരിക്കുകയാണ്. സർജറി നാക്കിലായതിനാൽ സംസാരിക്കാനോ ഭക്ഷണം കഴിക്കാനോ സാധിക്കുകയില്ല എങ്കിലും കൈകാലുകൾക്കും മറ്റ് അവയവങ്ങൾക്കും കുഴപ്പമൊന്നുമില്ല.

തന്നെക്കാണാൻ സംഘടനക്കാരോ, പള്ളിക്കാരോ, താൻ ബന്ധപ്പെട്ടിരുന്ന പ്രാർത്ഥനാഗ്രൂപ്പുകാരോ വരാറില്ല എന്നദ്ദേഹം ആംഗ്യം കാണിക്കുകയുണ്ടായി- ചുരുക്കം ചിലരൊഴികെ. സീറോ മലബാർ ചർച്ചിൽ എല്ലാ ശനിയാഴ്ചയും, ഞായറാഴ്ചയും സ്ഥിരമായി പൊയ്ക്കൊണ്ടിരുന്ന ഒരു വ്യക്തിയാണദ്ദേഹം. ഇന്ത്യൻ അമേരിക്കൻ മലയാളി കമ്മ്യൂണിറ്റി ഓഫ് യോങ്കേഴ്സിന്റെ തുടക്കം മുതൽ എല്ലാ പരിപാടികളിലും സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരാളായിരുന്നു അദ്ദേഹം. കൂടാതെ ഫൊക്കാനോ, കാത്തലിക് അസ്സോസിയേഷൻ, തുടങ്ങിയ പ്രസ്ഥാനങ്ങളിലും.

വാസ്തവത്തിൽ സംഘനക്കാർക്കും, പ്രാർത്ഥനാഗ്രൂപ്പുകാർക്കും, പള്ളിക്കാർക്കുമെല്ലാം ഇത്തരത്തിലുള്ളവരെ സന്ദർശിക്കാനും ആശ്വാസവാക്കുകൾ പറയാനും ഉള്ള ഒരു കടമയില്ലേ? ആരെങ്കിലും സന്ദർശിക്കാൻ വരുന്നതും, കുശലം പറയുന്നതുമെല്ലാം തനിക്ക് ആശ്വാസദായകമാണെന്ന് അദ്ദേഹം ആംഗ്യം കൊണ്ട് പറയുകയുണ്ടായി. രോഗികളായിക്കഴിയുമ്പോൾ പലർക്കും ആൾക്കാർ വരുന്നത് ഇഷ്ടമല്ല. എന്നാൽ ജോയിച്ചേട്ടൻ ആൾക്കാരെ കാണാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന് ഒന്നും മറയ്ക്കാനില്ല. ആൾക്കാർ സന്ദർശിക്കാൻ വരുന്നില്ലെങ്കിൽ ഞാൻ ഒരു ചെറിയ വാർത്ത എഴുതി ഇടുന്നതിൽ വിരോധമുണ്ടോ എന്ന് ചോദിച്ചപ്പോൾ അതിൽ വളരെ സന്തോഷമേയുള്ളൂ എന്ന് അദ്ദേഹം സമ്മതം മൂളി.

വാസ്തവത്തിൽ ശസ്ത്രക്രിയയ്ക്ക് വിധേയനായി കിടക്കുന്നയാൾക്ക് വിഷമമുണ്ടായെങ്കിലോ എന്നു കരുതിയാവാം പലരും അറിഞ്ഞിട്ടും പോകാതിരിക്കുന്നത് എന്നനുമാനിക്കാം. ഇത്തക്കാരെ സംഘടനകൾ സഹായിക്കേണ്ടതല്ലേ? ഇന്നും വാടകവീട്ടിലാണദ്ദേഹം കിടക്കുന്നത്.

യേശുക്രിസ്തു പറഞ്ഞിരിക്കുന്നതുപോലെ രോഗികളെ സന്ദർശിച്ചാൽ, ആശ്വസിപ്പിച്ചാൽ അത് സ്വർഗ്ഗരാജ്യത്തിലേക്കുള്ള എളുപ്പവഴികൂടിയാണ്. സാധിക്കുന്നവർ അദ്ദേഹത്തെ പോയി കാണുക. ആശ്വാസവാക്കുകൾ പറയുക.

<u>അഡ്രസ്സ്: പാർക്ക് അവന്യൂ, യോങ്കേഴ്സ്, ന്യൂയോർക്ക്, റൂം നമ്പർ 109-സാൻസൂസി റീ ബാഹ്സെന്റർ</u>